**പുതുവൽസരത്തെ വരവേൽക്കാൻ നഗരത്തിൽ വിപുലമായ പോലീസ് സംവിധാനം.**

പുതുവൽസരത്തെ സുഗമമായി വരവേൽക്കുന്നതിന് കോഴിക്കോട് സിറ്റിയിൽ സിറ്റി പോലീസ് കമ്മീഷണറുടെ നേതൃത്വത്തിൽ പോലീസിന്റെ വിപുലമായ കർമ്മ പദ്ധതി. എ.ആർ ക്യാമ്പിലേതുൾപ്പെടെ സിറ്റിയിലെ മൊത്തം പോലീസ് ഉദ്യോഗസ്ഥരുടെയും സേവനം ഇതിനായി വിനിയോഗിക്കും. ഇന്ന് 28.12.2016 തിയ്യതി സിറ്റി പോലീസ് കമ്മീഷണറുടെ ചേമ്പറിൽ നടന്ന ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ യോഗത്തിലാണ് തീരുമാനം. പുതുവൽസരം ആഘോഷിക്കുന്ന ബീച്ച്, ബാർ ഹോട്ടലുകൾ, ബിയർ പാർലറുകൾ, റിസോർട്ടുകൾ, മറ്റു ഹോട്ടലുകൾ, ഹോസ്റ്റലുകൾ, ഫ്ലാറ്റ് അപ്പാർട്ട്മെൻറുകൾ എന്നിവിടങ്ങളിൽ പോലീസ് കർശനമായ നിരീക്ഷണം ഏർപ്പെടുത്തും. ആഘോഷങ്ങൾ മതിയായ വെളിച്ചത്തോടുകൂടിമാത്രം നടത്താനും, പരിസരവാസികൾക്ക് അലോസരമാവാത്ത വിധം മിതമായ ശബ്ദത്തിൽ നടത്താനും പോലീസ് നിർദ്ദേശം നൽകും. പുതുവൽസാഘോഷങ്ങൾക്കിടെ ഉണ്ടാവുന്ന വാഹനാപകടങ്ങൾ ഒഴിവാക്കാൻ സിറ്റി അതിർത്തികളിലും പ്രധാന ജംഗ്ഷനുകളിലും കർശനമായ വാഹനപരിശോധന നടത്തി മദ്യപിച്ച് വാഹനം ഓടിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിയ്ക്കുവാനും തീരുമാനിച്ചു. ഡിസംബർ 31ാം തിയ്യതി വൈകുന്നേരം മുതൽ ബീച്ച് റോഡിലെ തിരക്കും ബൈക്കുകൾ അപകടകരമായി ഓടിക്കുന്നത് ഒഴിവാക്കുന്നതിനും ബീച്ചിലേയ്ക്ക് വാഹനങ്ങൾ പ്രവേശിപ്പിക്കില്ല. രാത്രി കാലങ്ങളിൽ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായ് സിറ്റിയിൽ ആകമാനം മഫ്ടിയിൽ പോലീസിനെ വിന്യസിക്കും. സിറ്റിയിലെ മൊത്തം സി.സി.ക്യാമറകളും പുതുവൽസരാഘോഷത്തിനു മുന്നോടിയായി പ്രവർത്തന സജ്ജമാക്കി സിറ്റിമൊത്തം പോലീസ് നിരീക്ഷണത്തിൽ കൊണ്ടുവരുന്നതാണ്. ആഘോഷങ്ങളുടെ ഭാഗമായി എന്തെങ്കിലും ക്രമസമാധാനപ്രശ്നങ്ങൾ നേരിടുന്ന പക്ഷം പൊതുജനങ്ങൾ എത്രയും പെട്ടന്ന് സിറ്റി പോലീസ് കൺട്രോൾ റൂമിൽ ഫോൺ നമ്പർ 100 ൽ അറിയിച്ചാൽ സത്വര നടപടി സ്വീകരിയ്ക്കാൻ കൺട്രോൾ റൂമിൽ പ്രത്യേകം സജ്ജീകരണം ഏർപ്പെടുത്തി. നഗരത്തിൽ പുതുവർഷം ആഘോഷിക്കുന്നവർ ഇക്കാര്യത്തിൽ സഹകരിയ്ക്കാൻ സിറ്റിപോലീസ് കമ്മീഷണർ അഭ്യർത്ഥിക്കുന്നു.

28/12/16

ജില്ലാ പോലീസ് മേധാവിക്കുവേണ്ടി,
അസി. പോലീസ് കമ്മീഷണർ,
ജില്ലാ സ്പെഷ്യൽ ബ്രാഞ്ച്, കോഴിക്കോട് സിറ്റി.

OFFICE OF THE ASST. COMMISSIONER OF POLICE
CALICUT CITY
Pin-673 001
Date........
SPECIAL BRANCH